<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 739</u> <u>11-06-2024 - ൽ മറുപടിയ്ക്ക്</u>

<u>വൈദ്യുതി മോഷണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വൈദ്യുതി മോഷണ കേസുകൾ കണ്ടുപിടിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2227 വൈദ്യുതി മോഷണ കേസുകൾ (എ.പി.ടി.എസ് ഉൾപ്പെടെ) കണ്ടുപിടിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കേസുകളിലായി ആകെ എത്ര രൂപയുടെ വൈദ്യുതിയാണ് മോഷണം നടത്തിയത്; | (ബി) | വൈദ്യുതി മോഷണ കേസുകളിൽ പലതിലും വൈദ്യുതി മോഷ്ടിക്കുന്നതിന്റെ അളവ് വൈദ്യുത മീറ്ററിൽ കാണിക്കാത്തതിനാൽ എത്ര രൂപയുടെ വൈദ്യുതിയാണ് മോഷണം നടത്തിയത് എന്ന് കൃത്യമായി പറയുവാൻ സാധിക്കുകയില്ല. എന്നാലും ഉദ്ദേശം എ.പി.റ്റി.എസ് ഉൾപ്പെടെ 18,29,80,583/- രൂപയുടെ വൈദ്യുതിയാണ് മോഷണം നടത്തിയത്. |
| (സി) | പ്രസ്തുത കേസുകളിലായി ആകെ എത്ര രൂപയാണ് പിഴ ചുമത്തിയത്; | (സി) | 2227 കേസുകളിലായി ആകെ 18,95,25,443/- രൂപയാണ് പിഴ ചുമത്തിയത്. |
| (ഡി) | അതിൽ എത്ര തുക ഈടാക്കി; ബാക്കി തുക ഈടാക്കാതിരിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ? | (ഡി) | 2227 കേസുകളിലായി ആകെ 18,30,44,078/- രൂപയാണ് ഈടാക്കിയിട്ടുള്ളത്. വിവിധ കോടതികളിൽ ഉപഭോക്താക്കൾ കേസ് ഫയൽ ചെയ്തിട്ടുള്ളതിനാലും, പോലീസിൽ പരാതി നിലനിൽക്കുന്നതിനാലും മുഴുവൻ തുകയും പിരിച്ചെടുക്കുവാൻ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ